പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1238. 12.07.2016 ൽ മറുപടിയ്ക്ക്.

## മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

| ചോദ്യം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, പി.ടി. തോമസ്<br>,, വി.പി.സജീന്ദ്രൻ<br>,, ഹൈബി ഈഡൻ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ള തെന്ന് വിശദമാക്കുമോ; | (എ) | എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തു-ന്നതിനായി നിലവിലുണ്ടായിരുന്ന സ്ക്വാഡുകൾക്ക് പുറമെ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) തലവനായി ഓരോ സോണിലും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ (എൻഫോഴ്സ്മെന്റ്) കീഴിൽ പുതുതായി 17 സ്ക്വാഡുകൾ കൂടി രൂപീകരിച്ചു.<br>എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഉപയോഗത്തിനായി ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഇന്റർസെപ്റ്റർ, റഡാർ, ആൽക്കോമീറ്റർ തുടങ്ങിയ ഉപകരണങ്ങൾ വകുപ്പ് വാങ്ങുകയും, വാഹനങ്ങൾ നിരീക്ഷിക്കുന്ന തിനും നിയമലംഘകരെ കണ്ടെത്തുന്ന തിനുമായി റഡാർ സർവൈലൻസ് |

| | | | |
|---|---|---|---|
| | | | സിസ്റ്റം, ക്യാമറ സർവൈലൻസ് സിസ്റ്റം എന്നിവ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നത് വഴി എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നതെന്ന് വിശദമാക്കുമോ; | (ബി) | 1 മോട്ടോർ വാഹന നിയമ ലംഘനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുക.<br>2 ദേശീയപാതകളിലെയും അപകട സാധ്യത കൂടിയ സ്ഥലങ്ങളിലെയും വാഹന പരിശോധനക്ക് പ്രത്യേക ഊന്നൽ നൽകുക.<br>3 വാഹന നികുതി കുടിശ്ശിക വരുത്തുന്ന വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുക.<br>4 'ജി ഫോറ'ത്തിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾ സർവ്വീസ് നടത്തുന്നില്ല എന്ന് ഉറപ്പ് വരുത്തുക.<br>5 പെർമിറ്റ് നിബന്ധനകൾക്ക് വിരുദ്ധമായി ഇന്റർസ്റ്റേറ്റ് ആയി സർവ്വീസ് നടത്തുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക. |
| (സി) | ഈ ലക്ഷ്യം നേടിയെടുക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ള തെന്ന് വ്യക്തമാക്കുമോ? | (സി) | എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തുന്നതിനായി ഒരു എൻഫോഴ്സ്മെന്റ് വിഭാഗവും അതിന് കീഴിൽ മുൻപ് നിലവിൽ ഉണ്ടായിരുന്ന എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് പുറമെ 17 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും രൂപീകരിച്ചു. ഇതിനായി ഒരു ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറുടെയും 4 ആർ.ടി.ഒ. മാരുടെയും 34 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ |

| | | | |
|---|---|---|---|
| | | | മാരുടെയും 17 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. എൻഫോഴ്സ്മെന്റ് ഓട്ടോമേഷനു വേണ്ടിയുള്ള ഭരണാനുമതികളും നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ.